# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 788 — 03.12.2014 ൽ മറുപടിക്ക്

**സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത എത്ര നിയോജകമണ്ഡലങ്ങൾ ഉണ്ട്; ഏതെല്ലാം.;

(എ) 15.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു

| ജില്ല | നിയോജകമണ്ഡലം |
|---|---|
| 1. തിരുവനന്തപുരം | വട്ടിയൂർക്കാവ് |
| 2. കോട്ടയം | കോട്ടയം |
| 3. എറണാകുളം | ആലുവ, കളമശ്ശേരി |
| 4. പാലക്കാട് | പാലക്കാട്, മലമ്പുഴ |
| 5. മലപ്പുറം | മഞ്ചേരി, വള്ളിക്കുന്ന് |
| 6. കോഴിക്കോട് | പേരാമ്പ്ര, കോഴിക്കോട് സൗത്ത്, കോഴിക്കോട് നോർത്ത് |
| 7 കണ്ണൂർ | കല്ല്യാശ്ശേരി, കണ്ണൂർ, തലശ്ശേരി, പേരാവൂർ |

(ബി) ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററെങ്കിലും ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീക രിക്കുമോ;

(ബി) സ്ഥല സൗകര്യവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാകുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ എല്ലായിടത്തും പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ജീവനക്കാരുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത നിലവിലുണ്ടോ;

(സി) ഇല്ല.

| | |
|---|---|
| (ഡി) ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുമുള്ള ജീവനക്കാരുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. കിടത്തി ചികിത്സാസൗകര്യം, ഒ.പിയിലെ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, നടപ്പിലാക്കുന്ന പൊതുജനാരോഗ്യ പദ്ധതികൾ തുടങ്ങിയവയ്ക്കനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ വ്യത്യാസം ഉണ്ടാകുന്നതാണ്. എന്നിരിക്കിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അവശ്യം വേണ്ട മിനിമം ജീവനക്കാരുടെയും മിനിമം പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത ഏർപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ